ശ്രീ. സി. വി. ഇയ്യു: തിരുവിതാംകൂർ കൊച്ചി സംയോജനത്തിനുമുമ്പുണ്ടായ തിരുവിതാംകൂർ ഭൂമിശാസ്ത്രമാണു് ഇപ്പോഴും പഠിപ്പിക്കുന്നതു് എന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒന്നുമില്ല. അദ്ധ്യാപകന്മാരാണല്ലോ പഠിപ്പിക്കുന്നതു്. അവർ അതിലുള്ള കുറവു പരിഹരിച്ചു കൊള്ളും.

ശ്രീ. സി. വി. ഇയ്യു: അദ്ധ്യാപകന്മാർ പുസ്തകം തിരുത്താനാണെങ്കിൽ പുസ്തകത്തിൽ എന്തും എഴുതാമല്ലോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇനി എഴുതുന്ന പുസ്തകം ശരിയായ രീതിയിലുള്ളതായിരിക്കും.

വാഴിച്ചൽ ടേസു്

*൭൪. (൩) ശ്രീ. എൻ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

നെയ്യാറിൻകര നാലുക്കിൽ ഒറശേഖരമംഗലം പകുതിയിൽ വാഴിച്ചൽ ടേസു് നന്നാക്കാൻ എസ്റ്റിമേറു തയാറാക്കുകയും അയതു് അനുവദിക്കുകയും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോൾ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്): എസ്റ്റിമേറു തയാറാക്കിയിട്ടുള്ളതിൽ കൂടുതലായി ഇതിനെപ്പറ്റി നടപടികൾ യാതൊന്നും എടുത്തിട്ടില്ല.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: എന്നാണു് എസ്റ്റിമേറു് തയാറാക്കിയതു്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: ഫൻ ൪൯ ൦ ആഗസ്റ്റു് ൨൰൰൯ ആണു്.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: എസ്റ്റിമേറു തയാറാക്കിയിട്ടു് ഇതുവരെ ജോലിതുടങ്ങാതിരിക്കുന്നതിനു് വല്ല കാരണവുമുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസു്: എസ്റ്റിമേറു തയാറാക്കിയപ്പോൾതന്നെ ചീഫു് എൻജിനീയർ ഇപ്രകാരം എഴുതിയിട്ടുണ്ടായിരുന്നു.

"The work has no provision under the Budget. Therefore it is not possible to find funds in this year."

പബ്ലിക്കു് ഒഴിവുദിവസം

*൭൫. (൭) ശ്രീമതി ദേവകി ഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇൻഡ്യൻ ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർപട്ടേലിന്റെ ചരമം പ്രമാണിച്ചു് പബ്ലിക്കു് ഒഴിവുദിവസം ഗവൺമെണ്ടിൽനിന്നും പ്രഖ്യാപനം ചെയ്തിട്ടും അതിനെ അവഗണിക്കാതെ ചിലർ സ്കൂളുകൾ നടത്തിയതായി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) അതേപ്പറ്റി ഗവൺമെണ്ടു വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അങ്ങനെ സ്കൂൾ നടത്തിയതായി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടില്ല. നിവേദനം കിട്ടിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപടികൾ നടത്തിയിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏതു സ്കൂളാണ് ഇങ്ങനെ നടത്തിയെന്ന് നിവേദനം കിട്ടിയതു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇംഗ്ലീഷ് ഹൈസ്കൂൾ, മഞ്ചിറ.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇതുസംബന്ധിച്ചുള്ള ആർഡർ രണ്ടുമൂന്നു ദിവസം താമസിച്ചാണ് കിട്ടിയതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മഞ്ചിറ സ്കൂളിൽ ഡിസമ്പർ മൂന്നാം തീയതി ഉച്ചക്ക് ഫ്രഞ്ച് മണിക്കുശേഷമാണ് ആർഡർ കിട്ടിയതെന്നും ഉടനെതന്നെ സ്കൂൾ അടച്ചുവെന്നും അറിയിച്ചിട്ടുണ്ട്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആർഡർ നേരത്തേ അയക്കാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആർഡർ നേരത്തേതന്നെ അയച്ചിരുന്നു. ചില ദിക്കിൽ അതു വാങ്ങാൻ ആളില്ലാതിരുന്നതുകൊണ്ടോ മറ്റോ സമയത്തു കിട്ടിയില്ലെന്നു വന്നിരിക്കാം.

ശ്രീ. അലക്സാണ്ടർ വാകയിൽ: ചെല്ലാനം സ്കൂളിൽ ആർഡർ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവൺമെണ്ടിനു അറിവില്ല.

പുതിയ വിദ്യാഭ്യാസപദ്ധതി

*൭൦. (൫) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വിദ്യാഭ്യാസപദ്ധതി അംഗീകരിക്കാതെയും വിദ്യാലയങ്ങൾ ശരിക്കു നടത്താതെയുമുള്ള സ്ഥലങ്ങളിൽ പുതിയ സ്കൂളുകൾ കിട്ടണമെന്നു കാണിച്ച് അപേക്ഷകൾ കിട്ടിയിട്ടുണ്ടോ;

(ബി) അങ്ങനെ കിട്ടിയിട്ടുള്ള അപേക്ഷകൾ ഏതെങ്കിലും അനുവദിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശരിക്ക് പഠനം നടക്കാത്ത ചില വിദ്യാലയങ്ങളുടെ സ്ഥാനത്ത് വേറെ വിദ്യാലയങ്ങൾ നടത്തുന്നതിന് അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) അങ്ങനെ കിട്ടിയ അപേക്ഷകൾ സ്വീകരിച്ചു വേറെ സ്കൂളുകൾ നടത്തുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: ഈ വിഷയത്തിൽ ഗവൺമെണ്ടു് എതെങ്കിലും നയം പ്രഖ്യാപിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. എതെങ്കിലും സ്കൂളുകൾ നടത്താത്തതുകൊണ്ട് ഒരൊറ്റ കുഞ്ഞിനുപോലും വിദ്യാഭ്യാസം കിട്ടാതെവരികയില്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീമതി ദേവകി ഗോപിദാസ്: വിദ്യാഭ്യാസപദ്ധതി അംഗീകരിക്കുകയും എന്നാൽ ഫീസ് പിരിവിന്റെ ൫൦ ശതമാനം അടക്കാതിരിക്കുകയും ചെയ്യുന്ന സ്കൂളുകളെപ്പറ്റി എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly